Draft #1 of File 42412/PD 2/1/2019/PD 2 Approved by ASSISTANT REGISTRAR XI (EXAM) on 18-Nov-2019 03:48 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

പി.ഡി II /പി.ഡി VI സെക്ഷനുകളിലെ ബി.കോം ബിരുദ സർട്ടിഫിക്കറ്റുകളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിനായി- ക്യാമ്പ് രൂപീകരിക്കുന്നത് സംബന്ധിച്ച്- ബഹു.വൈസ് ചാൻസലർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പരീക്ഷാ വിഭാഗം എ 2 സെക്ഷൻ**

നമ്പർ. 5770/EA 2/2019/എം.ജി.യു പ്രിയദർശിനി ഹിൽസ്,തീയതി: 18.11.2019

---

പരാമർശം:-1. 01.11.2019 തീയതിയിലെ PD II സെക്ഷനിൽ നിന്നുള്ള കുറിപ്പ്.

2. 11.11.2019 തീയതിയിലെ പരീക്ഷാ കൺട്രോളറുടെ സെക്ഷനിൽ നിന്നുള്ള കുറിപ്പ്.

3. 15.11.2019 തീയതിയിലെ വൈസ് ചാൻസലറുടെ ഉത്തരവ്.

**ഉത്തരവ്**

പി.ഡി II / പി ഡി VI സെക്ഷനുകളിലെ ബിരുദ സർട്ടിഫിക്കറ്റുകളുടെ അപേക്ഷകൾ തീർപ്പാക്കുന്നതിനായി രൂപീകരിച്ച ക്യാമ്പിൽ ലഭിച്ച ഓർഡിനറി ട്രാക്കിലുള്ള അപേക്ഷകളിൽ നിന്നും 3298 അപേക്ഷകൾ തീർപ്പാക്കുകയും 40 അപേക്ഷകൾ ഫാസ്റ്റ് ട്രാക്ക് യിലേക്ക് പരിവർത്തനം ചെയ്യുകയും 80 അപേക്ഷകൾ വിവിധ ന്യൂനതകൾ ഉള്ളതിനാൽ അപേക്ഷകർക്ക് മെമ്മോ അയച്ച് മാറ്റി വയ്ക്കുകയും ചെയ്തിരിക്കുന്നു (ന്യൂനതകൾ പരിഹരിക്കുന്ന മുറയ്ക്ക് അവ തീർപ്പാക്കി പ്രിന്റിങ്ങിന് നൽകുന്നതായിരിക്കും )എന്നും,അതിനാൽ ക്യാമ്പിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്ക് അർഹതപ്പെട്ട പ്രതിഫലം നൽകണം എന്നും പരാമർശം (1) പ്രകാരം പി.ഡി II സെക്ഷൻ അറിയിച്ചിട്ടുണ്ട്.

ക്യാമ്പിലേക്ക് നൽകിയ 99 % BA / B.Sc അപേക്ഷകളിലും ഇതോടെ തീർപ്പായിട്ടുള്ളതാണ്, എന്നാൽ , B.Com ബിരുദ സർട്ടിഫിക്കറ്റുകളുടെ അപേക്ഷകൾ നാലായിരത്തോളം ഉള്ളതിൽ, ആയിരത്തോളം മാത്രമേ ഇതുവരെ പ്രിന്റ് ചെയ്യുവാൻ കഴിഞ്ഞിട്ടുള്ളൂ എന്നിവ പരിഗണിച്ച്,

(i) നിലവിലെ ക്യാമ്പിന്റെ പ്രവർത്തനം അവസാനിപ്പിച്ച് , ബി.കോം അപേക്ഷകൾ മാത്രം അടിയന്തിരമായി തീർപ്പാക്കുന്നതിനുള്ള ഒരു ക്യാമ്പ് രൂപീകരിക്കുവാനുള്ള പ്രൊപോസൽ (ആവശ്യമായ വ്യക്തികളെ ഉൾപ്പെടുത്തി) സമർപ്പിക്കുവാൻ AR I (പരീക്ഷ)-ന് നിർദേശം നൽകാവുന്നതാണ് എന്നും ,

(ii) പുതിയ ക്യാമ്പ് തുടങ്ങുന്നതുവരെ വൈൻഡ്-അപ്പ് ചെയ്യുന്ന ക്യാമ്പിൽ പരിഗണിച്ച B.Com / BCA / BBA / BFT / BTS തുടങ്ങിയ കോഴ്സുകളുമായി ബന്ധപ്പെട്ട എല്ലാ അപേക്ഷകളും, രജിസ്റ്ററുകളും, ഫോർമാറ്റുകളും AR I(പരീക്ഷ)- നെ ഏല്പിക്കേണ്ടതാണ് എന്നും ,

(iii) BA, B.Sc കോഴ്സുകളുടെ ശേഷിക്കുന്ന അപേക്ഷകളും, രജിസ്റ്ററുകളും, ഫോർമാറ്റുകളും ഇതോടൊപ്പം തന്നെ AR I(പരീക്ഷ)-ന് കൈമാറേണ്ടതാണ് എന്നും,

(iv) പ്രവർത്തനം അവസാനിപ്പിച്ച ക്യാമ്പിൽ പങ്കെടുത്ത വ്യക്തികൾക്ക് അർഹമായ പ്രതിഫലം നൽകുവാനും പരാമർശം (2) പ്രകാരം ശിപാർശ ചെയ്യുകയുണ്ടായി.

ടി ശിപാർശകൾ പരാമർശം (3) പ്രകാരം വൈസ് ചാൻസലർ അംഗീകരിച്ചു ഉത്തരവായിരിക്കുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

ജോൺ എ

അസിസ്റ്റന്റ് രജിസ്ട്രാർ 11 (പരീക്ഷ)
പരീക്ഷ കൺട്രോളർക്കു വേണ്ടി

പകർപ്പ്

1.വൈസ് ചാൻസലർ/ പ്രോ വൈസ് ചാൻസലർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
2. രജിസ്ട്രാർ/ ഫിനാൻസ് ഓഫീസർ/ പരീക്ഷാ കൺട്രോളർ എന്നിവരുടെ പി.എമാർ.
3. ജെ.ആർ I /II /III / ഡി.ആർ IV / എ.ആർ I / IV/ VII / X / XXIII (പരീക്ഷ).
4. പി.ഡി II /പി.ഡി VI സെക്ഷനുകൾ.
5. സി.ഇ സെക്ഷൻ.
6 .CETEX സെക്ഷൻ.
7. ഐ.ക്യു.എ.സി /കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ.
8.സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Draft #1 of File 42412/PD 2/1/2019/PD 2 Approved by ASSISTANT REGISTRAR XI (EXAM) on 18-Nov-2019 03:48 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം